# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 12**

---

## കുറഞ്ഞ ചിലവിൽ നൂതന പ്ലാന്റ് ഗ്രോവിംഗ് ചേംബർ നിർമിച്ച് എം.ജിയിലെ സ്റ്റാർട്ടപ്പ്

കാർഷിക ഗവേഷണത്തിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കുന്ന കണ്ടുപിടിത്തവുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്റ്റാർട്ടപ്പ്. ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ(ബിഐഐസി) പിന്തുണയോടെ പ്രവർത്തിക്കുന്ന അഗ്രോടീൻ ലാബ് ആണ് ഗവേഷണ ആവശ്യങ്ങൾക്കായി താപനില ക്രമീകരിച്ച് സസ്യങ്ങൾ വളർത്തുന്നതിന് അനുയോജ്യമായ ചേംബറുകൾ വളരെ കുറഞ്ഞ ചിലവിൽ വികസിപ്പിച്ചെടുത്തത്.

നിലവിൽ വിപണിയിൽ ലഭിക്കുന്ന പ്ലാന്റ് ഗ്രോവിംഗ് ചേംബറുകൾക്ക് ഒരു ലക്ഷം രൂപയ്ക്കു മുകളിലാണ് വില. നൂതന സാങ്കേതിക സംവിധാനഘങ്ങളോടെ രണ്ടു ചേംബറുകളാണ് അഗ്രോടീൻ തയ്യാറാക്കിയത്. അഡ്വാൻസ്ഡ് ചേംബറിന് അറുപതിനായിരം രൂപയും സെമി അഡ്വാൻസ്ഡ് ചേംബറിന് നാൽപ്പതിനായിരം രൂപയുമാണ് വില.

സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റ് സയൻസ് ആന്റ് സസ്റ്റൈനബിൾ ഡവലപ്മെന്റിനു വേണ്ടിയാണ് ഇവ തയ്യാറാക്കിയത്. ഇത്തരം ചേംബറുകൾ വ്യാവാസായിക അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടെന്ന് അഗ്രോടീൻ ലാബ് സിഇഒ പ്രവീൺ അലോഷ്യസ് പറഞ്ഞു.

നൂതന കൃഷിരീതികൾ പിന്തുടരുന്നവർക്ക് ആവശ്യമായ സാങ്കേതിക ഉപകരണങ്ങളും സംവിധാനങ്ങളും അഗ്രോടീൻ ലാബ് തയ്യാറാക്കി നൽകുന്നുണ്ട്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.agrowtein.com) ലഭിക്കും. ഫോൺ-9562603120. ബിഐഐസിയുടെ പിന്തുണയോടെ സർവകലാശാലാ കാമ്പസിലും വിർച്വൽ ഇൻകുബേഷൻ സംവിധാനത്തിലുമായി നിലവിൽ 34 സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

**ഫോട്ടോ ക്യാപ്ഷൻ...**
പുതിയതായി വികസിപ്പിച്ചെടുത്ത പ്ലാന്റ് ഗ്രോവിംഗ് ചേംബറിനു സമീപം പ്രവീൺ അലോഷ്യസും(ഇടതുനിന്ന് മൂന്നാമത്) സഹപ്രവർത്തകരും.
(പി.ആർ.ഒ/39/598/2024)

## ഓാണേഴ്സ് ബിരുദം; സപ്ലിമെന്ററി അലോട്ട്മെന്റിന് 17 മുതൽ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്ട്മെന്റിന് ജൂലൈ 17 മുതൽ അപേക്ഷിക്കാം. cap.mgu.ac.in എന്ന വൈബ്സൈറ്റിൽ ജൂലൈ 19ന് വൈകുന്നേരം നാലുവരെ അപേക്ഷകൾ സ്വീകരിക്കും.

ഇതുവരെ അപേക്ഷ നൽകാത്തവർക്കും ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും ലഭിച്ച അലോട്ട്മെന്റ് റദ്ദായവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം.

സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കുന്ന എല്ലാവരും ഓപ്ഷനുകൾ പുതിയതായി നൽകണം. ഓൺലൈൻ അപേക്ഷയിൽ തെറ്റുവരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകം ഫീസ് അടയ്ക്കാതെ തന്നെ പുതിയതായി ഓപ്ഷൻ നൽകി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം.

മാനേജ്മെന്റ്, കമ്യൂണിറ്റി മെറിറ്റ് ക്വാട്ടകളിലെ പ്രവേശനത്തിനുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ നിലവിലെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് cap.mgu.ac.in ൽ ലോഗിൻ ചെയ്യണം. നേരത്തെ നൽകിയ അപേക്ഷയിൽ തിരുത്തുലുകൾ വരുത്തുകയും പുതിയതായി ഓപ്ഷനുകൾ നൽകുകയും ചെയ്യാം.

ഓപ്ഷനുകൾ നൽകി അപേക്ഷ സേവ് ചെയ്ത് ഓൺലൈനിൽ സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ടുകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ബിരുദ പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ വെബ്സൈറ്റിലുണ്ട്.

സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കുകയും സപ്ലമെന്ററി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം പ്രവേശനം എടുക്കേണ്ടിവരും. ഇവരുടെ മുൻ പ്രവേശനം റദ്ദാകും. അതുകൊണ്ടുതന്നെ സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷനുകൾ നൽകുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തണം.

ഭിന്നേശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും കമ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും ജൂലൈ 19ന് വൈകുന്നേരം നാലു വരെ അപേക്ഷിക്കാം.
(പി.ആർ.ഒ/39/599/2024)

## വൈവ

നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി/ ഹി ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (സിഎസ്എസ് 2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്ട്, കോംപ്രഹൻസീവ് വൈവ പരീക്ഷ ജൂലൈ 25ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/600/2024)

## താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ശുചീകരണ ജോലിക്കാരെ മൂന്നു മാസത്തേക്ക് താത്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ, തിരിച്ചറിയൽ കാർഡിന്റെയോ ആധാർ കാർഡിന്റെയോ പകർപ്പ് സഹിതം അസിസ്റ്റന്റ് രജിസ്ട്രാർക്ക് (1-ഭരണ വിഭാഗം) ജൂലൈ 22ന് മുൻപ് നൽകണം.

(പി.ആർ.ഒ/39/601/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 15ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംടെക് എനർജി സയൻസ് ആന്റ് ടെക്നോളജി(ജനറൽ മെറിറ്റ്-5), എംഎസ്സി മെറ്റീരിയർ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്-ജനറൽ മെറിറ്റ്-3, എസ്.സി-2), എംഎസ്സി കെമിസ്ട്രി(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് എസ്.സി -1) എംഎസ്സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് എസ്സി-2) എന്നിങ്ങനെയാണ് ഒഴുവുകളുടെ എണ്ണം.
അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി രാവിലെ 11ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(https://sem.mgu.ac.in/)

...........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 17ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംഎസ്സി ഫിസിക്സ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(എസ്.ടി-1) എംഎസ്സി കെമിസ്ട്രി നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(എസ്.ടി-1), എംടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(ജനറൽ-1) എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.
അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(https://snsnt.mgu.ac.in/) ഫോൺ- 9995108534,9188606223

(പി.ആർ.ഒ/39/602/2024)

## പരീക്ഷാ ഫലം

ഒന്നാം വർഷ, നാലാം വർഷ ബാച്ച്ലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷകളുടെ(മാർച്ച് 2024) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 26 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/603/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**